**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5567** **08-07-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് വികസന പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയുടെ സമഗ്ര വികസനത്തിനായി പ്രഭാകരൻ കമ്മീഷൻ ശിപാർശ ചെയ്ത കാസർഗോഡ് വികസന പാക്കേജിൽ എത്ര കോടി രൂപയുടെ പദ്ധതികളാണുള്ളത്; വിശദമാക്കുമോ; | (എ) | ആകെ 11,123.07 കോടി രൂപയുടെ പദ്ധതികളാണുള്ളത്. |
| (ബി) | പ്രസ്തുത പാക്കേജിൽ നാളിതുവരെ എത്ര കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയെന്ന് വർഷം തിരിച്ച് കണക്ക് ലഭ്യമാക്കാമോ; | (ബി) | വിവിധ ഫണ്ട് സ്രോതസ്സുകൾ ഉപയോഗിച്ച് ആകെ 2260.27 കോടി രൂപ അടങ്കൽ വരുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ കാസറഗോഡ് വികസന പാക്കേജിൽ അനുവദിച്ച് ചെലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. |
| (സി) | പ്രഭാകരൻ കമ്മീഷൻ ശിപാർശ ചെയ്ത പദ്ധതികളിൽ ഇതര ഫണ്ടുകൾ ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളോ കാലാനുസൃതമായി ആവശ്യമില്ലാത്ത പദ്ധതികളോ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശിപാർശയിൽ നിന്ന് എത്ര കോടി രൂപയുടെ പദ്ധതികളെയാണ് ഒഴിവാക്കുന്നതിനായി തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ; | (സി) | ഇതര ഫണ്ട് ഉപയോഗിച്ച് 1698.70 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഡോ.പി.പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളിന്മേൽ കാലാനുസൃതമായി ആവശ്യമില്ലാത്ത പദ്ധതികൾ കണ്ടെത്തിയിട്ടില്ല. |
| (ഡി) | കാസർഗോഡ് വികസന പാക്കേജിൽ നടപ്പിലാക്കേണ്ടതല്ലാത്ത പദ്ധതികൾക്ക് പകരം മറ്റ് പദ്ധതികൾ നടപ്പിലാക്കുന്നതിനായി സർക്കാരിലേക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികൾ അംഗീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | കാസറഗോഡ് ജില്ലയുടെ സമഗ്ര വികസനത്തിന് ആവശ്യമായതും ഡോ.പി.പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ പരാമർശിക്കാത്തതുമായ പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുവാൻ 12.02.2019 ന് സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയോഗത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തിയിരുന്നതും എന്നാൽ നിലവിലെ സാഹചര്യത്തിൽ നടപ്പിലാക്കാൻ സാധിക്കാത്തതുമായ രണ്ട് വൻകിട പദ്ധതികൾക്ക് പകരമായി പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിലുൾപ്പെടാത്ത, കാസർഗോഡ് ജില്ലാ കളക്ടർ സമർപ്പിച്ച 6500 കോടി രൂപയുടെ പദ്ധതികൾക്ക് (ഒരു Shelf of projects) 11.11.2021 ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാനതല എംപവേർഡ് കമ്മിറ്റി യോഗം |

| | | | |
|---|---|---|---|
| | | | തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. നിലവിൽ സംസ്ഥാന ബജറ്റിൽ പാക്കേജിനായി വകയിരുത്തിയിട്ടുള്ള തുക വിനിയോഗിച്ച് ആസൂത്രണ ബോർഡിന്റെ ശിപാർശയോടെ ജില്ലാ കളക്ടർ ലഭ്യമാക്കുന്ന പദ്ധതികൾ പരിശോധിച്ച് അംഗീകാരം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

| സാമ്പത്തിക വർഷം | ചെലവ് (ലക്ഷത്തിൽ) |
|---|---|
| 2013-14 | 2440.00 |
| 2014-15 | 6870.00 |
| 2015-16 | 7353.30 |
| 2016-17 | 8489.51 |
| 2017-18 | 3527.92 |
| 2018-19 | 275.27 |
| 2019-20 | 2102.91 |
| 2020-21 | 5041.19 |
| 2021-22 | 6572.66 |
| 2022-23 | 5782.36 |
| 2023-24 | 7440.20 |
| 2024-25 | 261.60 |